# കേരളസർവകലാശാല

**നം.പി.ആർ.260 (a)/2023** **തിരുവനന്തപുരം, തീയതി: 09/12/2023**

## പത്രക്കുറിപ്പ്

### അഖിലേന്ത്യ അക്കൗണ്ടിംഗ് കോൺഫറൻസിനു തുടക്കമായി

45-മത് അഖിലേന്ത്യ അക്കൗണ്ടിംഗ് കോൺഫറൻസ് കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിൽ ആരംഭിച്ചു. ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ അഖിലേന്ത്യ പ്രസിഡന്റ് പ്രൊഫ.ജസ്‌റാജ് ബൊഹ്റ അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഡോ. ബിജു ജേക്കബ് IA&AS ഉദ്ഘാടനം ചെയ്തു. അക്കൗണ്ടിംഗ് രംഗത്തെ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങളെ ഗുണപരമായി വിനിയോഗിച്ചാൽ അത് രാജ്യത്തിനും സമൂഹത്തിനും നൽകുന്ന സംഭാവനകൾ നിസ്തുലമായിരിക്കു മെന്നും, അക്കൗണ്ടിംഗ് തൊഴിലുകൾക്ക് നൽകുന്ന അംഗീകാരം രാജ്യത്തിന്റെ പൊതു സാമ്പത്തിക നിലയുടെ പുരോഗതിക്ക് ആക്കം കൂട്ടും എന്നും ഉദ്ഘാടന പ്രസംഗത്തിൽ ഡോ. ബിജു ജേക്കബ് IA&AS അഭിപ്രായപ്പെട്ടു.

മദ്രാസ് ഐ.ഐ.ടി. മാനേജ്മെന്റ് വിഭാഗം മേധാവി പ്രൊഫ എം.തേന്മൊഴി, അമേരിക്കയിലെ പുവർ ടോറികോ യൂണിവേഴ്സിറ്റി പ്രൊഫസർ ജസ്റ്റിൻ പോൾ എന്നിവർ മുഖ്യപ്രഭാഷണം നടത്തി. എമർജിങ് എന്റർപ്രണർ അവാർഡ് ചടങ്ങിൽ വച്ച് പ്രമുഖ വ്യവസായിയും അൽ മുക്താദിർ ജ്വല്ലറി ഗ്രൂപ്പ് ഉടമയുമായ ഡോ.മുഹമ്മദ് മൻസൂർ അബ്ദുൽ സലാമിന് സമ്മാനിച്ചു. കോൺഫറൻസ് സുവനീർ ഡോ.ബിജു ജേക്കബ് ജസ്‌റാജ് ബൊഹ്റക്ക് നൽകി പ്രകാശനം ചെയ്തു. ചടങ്ങിൽ വച്ച് യുവ ഗവേഷക പുരസ്കാരങ്ങളും, അഖിലേന്ത്യ അക്കൗണ്ടിംഗ് ടാലന്റ് സെർച്ച് എക്സാമിനേഷൻ വിജയികൾക്കുള്ള പുരസ്കാരവും വിതരണം ചെയ്തു. ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ അഖിലേന്ത്യ ജനറൽ സെക്രട്ടറി പ്രൊഫ.സഞ്ജയ് ഭയാനി, കേരളസർവകലാശാല രജിസ്ട്രാർ പ്രൊഫ.(ഡോ.) കെ.എസ്.അനിൽകുമാർ എന്നിവർ ചടങ്ങിൽ സംസാരിച്ചു. കോൺഫറൻസ് സെക്രട്ടറി പ്രൊഫ.ഗബ്രിയേൽ സൈമൺ തട്ടിൽ സ്വാഗതവും ഓർഗനൈസിംഗ് സെക്രട്ടറി പ്രൊഫ.ബിജു ടി. നന്ദിയും രേഖപ്പെടുത്തി. തുടർന്ന് നാലു വേദികളിലായി ടെക്നിക്കൽ സെഷനുകളും അന്താരാഷ്ട്ര സെമിനാറും നടന്നു.

നാളെ നടക്കുന്ന സമാപന ചടങ്ങിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറുമുഖം മാനേജിങ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ ഐ. എ. എസ്. മുഖ്യാതിഥിയായി പങ്കെടുക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on*9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**